# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

മദ്യവിമുക്ത കേരളം പദ്ധതി

90 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവിമുക്ത കേരളം പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സ്കൂൾ-കോളേജ് ക്യാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടികൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സന്നദ്ധ സംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മദ്യാസക്തിക്കെതിരായ ബോധവല്‍ക്കരണം</u>

91 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, അന്‍വര്‍ സാദത്ത്
,, പി. എ. മാധവന്‍
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യാസക്തിക്കെതിരായ ബോധവല്‍ക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവര്‍ത്തനരീതിയും വിശദീകരിക്കുമോ;

(സി) പ്രചാരണങ്ങള്‍ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ ക്ലബ്ബുകൾ</u>

92 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്കൂൾ, കോളേജുകളിൽ എത്ര ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ എത്ര ലഹരി മുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചു; ആകെ എത്ര തുകയാണ് അനുവദിച്ചത്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

മദ്യപാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ബോധവത്കരണ പരിപാടികൾ

93 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യപാനം മൂലമുണ്ടാകുന്ന ആരോഗ്യവും മറ്റ് സാമൂഹ്യപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തെ ബോധവത്കരിക്കുന്നതിനു വേണ്ടി എക്സൈസ് വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്നറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുളള പ്രവർത്തനങ്ങളുടെ വിവരം ചെലവ് സഹിതം ജില്ലാടിസ്ഥാനത്തിലുളളവ വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പ് പുതിയതായി എന്തെങ്കിലും പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം ക്യാമ്പയിനുകൾ പ്രയോജനപ്രദമാണോ എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പുതിയതായി അനുവദിച്ച ബാറുകൾ</u>

94 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി അനുവദിക്കപ്പെട്ട ബാറുകൾ എത്രയായിരുന്നു;

(സി) ഈ സർക്കാർ 2011, 2012, 2013, 2014 വർഷത്തിൽ ഓരോ വർഷവും എത്ര ബാറുകളുടെ ലൈസൻസ് പുതുക്കി നല്കിയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ബാറുകൾക്ക് നിയന്ത്രണം</u>

95 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ ശേഷം മദ്യത്തിന്റെ ഉപയോഗത്തിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ബാറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയപ്പോൾ കേരളത്തിലെ സാമൂഹിക മേഖലയിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കള്ളുഷാപ്പുകളുടെ എണ്ണം</u>

96 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014 ഏപ്രിൽ 1 ന് ശേഷം എത്ര കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) 2010-11 സാമ്പത്തിക വർഷത്തിൽ പ്രവർത്തിച്ചിരുന്ന കള്ള് ഷാപ്പുകൾ എത്രയായിരുന്നു ;

(സി) പരമ്പരാഗത മേഖലയായ കള്ള് ചെത്ത് നിലനിർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>നീര ഉൽപ്പാദനം</u>

97 ശ്രീ. ജോസഫ് വാഴക്കൻ
'' വർക്കല കഹാർ
'' ലൂഡി ലൂയിസ്
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദനം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) നീര ഉൽപ്പാദനം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുളളത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>നീരയുടെ ഉല്പാദനവും വിതരണവും</u>

98 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദിപ്പിക്കുന്നതിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) നീരയുടെ ഉല്പാദനത്തിനും വിതരണത്തിനും ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>നീരയുടെ ഉല്പാദനവും വിതരണവും</u>

99 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ദി കേരള സ്വീറ്റ് റ്റോഡി (നീര) (റൂൾസ്)2014' എന്ന പുതിയ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നീരയുടെ ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സ്കൂൾപരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വ്യാപനം</u>

100 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ നിന്ന് മോചിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പുതുക്കാത്ത ബാർലൈസൻസുകൾ</u>

101 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർലൈസൻസ് പുതുക്കാത്തതുകൊണ്ട് എത്ര ബാറുകൾ അടച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാറുകളുടെ സ്റ്റാർപദവി എന്നുമുതൽ പ്രവർത്തിച്ചുവരുന്നു തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ബാർലൈസൻസ് ലഭിക്കുന്നതിനായി വ്യാജസ്റ്റാർപദവി നേടുന്നു എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) വ്യാജമദ്യം നിരോധിച്ചും, ബാറുകളുടെയും, ബിവറേജസ് ഔട്ട്ലെറ്റുകളുടെയും എണ്ണം കുറച്ചും പടിപടിയായി മദ്യരഹിതസംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ബാറുകളുടെ ലൈസൻസ് പുതുക്കൽ</u>

102 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ എത്ര ബാറുകൾക്ക് ലൈസൻസുണ്ടായിരുന്നു;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ എത്ര ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്;

(സി) ബാറുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിൽ സ്വീകരിച്ച മാനദണ്ഡമെന്താണ്;

(ഡി) ലൈസൻസ് പുതുക്കി നൽകിയ ബാറുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുള്ളവയാണെന്ന് ഏതെങ്കിലും ഏജൻസി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ആ ഏജൻസി ഏതാണ്.

(ഇ) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളുടെ മുന്നിൽ മദ്യം വാങ്ങാൻ വൻ ആൾക്കൂട്ടം ഉള്ളതിനാൽ ചിലയിടങ്ങളിലെങ്കിലും ഗതാഗതതടസ്സം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ചില്ലറ മദ്യവില്പനശാലകളിലെ ക്രമീകരണങ്ങൾ</u>

103 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റേയും ചില്ലറ മദ്യ വിൽപ്പനശാലകളിൽ മദ്യം വാങ്ങാൻ എത്തുന്നവരെ കന്നുകാലികളെപ്പോലെയാണ് കരുതുന്നത് എന്ന കോടതിയുടെ പരാമർശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് മദ്യവിതരണത്തിനായുള്ള ചില്ലറ വില്പന ശാലകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ബാറുകളുടെ ലൈസൻസ് പുതുക്കൽ

104 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുണ്ടായിരുന്ന എത്ര ബാറുകൾക്കാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്;

(ബി) പുതുക്കി നൽകിയ ബാറുകൾക്കെല്ലാം മാനദണ്ഡം അനുസരിച്ചുള്ള നിലവാരം ഉണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ;

(സി) ലൈസൻസ് പുതുക്കി നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്കാണ് പുതുതായി ലൈസൻസ് അനുവദിച്ചിട്ടുള്ളത്; ഏതെല്ലാം ഹോട്ടലുകൾക്ക് എന്നൊക്കെയാണ് ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതുതായി ലൈസൻസ് നൽകിയതുൾപ്പെടെ ഇപ്പോൾ എത്ര ബാറുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ബാറുകൾക്കുള്ള പ്രവർത്തനാനുമതി

105 ശ്രീ. രാജു ഏബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബാറുകൾക്കാണ് കഴിഞ്ഞ വർഷം വരെ പ്രവർത്തനാനുമതി നൽകിയിരുന്നത്;

(ബി) ഈ വർഷം അവയ്ക്ക് പ്രവർത്തനാനുമതി നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള പുതിയ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(സി) പ്രവർത്തനാനുമതി നൽകാതെ അടച്ചുപൂട്ടിയ ബാറുകളുടെ ജില്ല തിരിച്ചുള്ള പട്ടിക പ്രസിദ്ധപ്പെടുത്താമോ;

(ഡി) നിലവാരം ഉള്ളവ എന്ന നിലയിൽ പ്രവർത്തനാനുമതി നൽകിയ ബാറുകളുടെ പേരുവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) അടച്ചുപൂട്ടിയ ബാറുകളേക്കാൾ നിലവാരം കുറഞ്ഞ ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയതുമായി ബന്ധപ്പെട്ടു വന്ന ആക്ഷേപങ്ങൾ പരിശോധിക്കാൻ ഉന്നതതല അന്വേഷണ സംഘത്തെ നിയോഗിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി</u>

106 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്തതെന്നു കണ്ടെത്തിയ 418 ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിർത്തലാക്കിയവയിൽ നിലവാരമുള്ള ബാറുകളും ഉൾപ്പെട്ടിട്ടുണ്ടോ;

(സി) 418 ബാറുകൾ നിർത്തലാക്കിയതിനെ തുടർന്ന് എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ</u>

107

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അബ്കാരി നിയമപ്രകാരം കഴിഞ്ഞ 5 വർഷമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും സ്വഭാവവും വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ട്;

(ഡി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ജീവനക്കാർ ആവശ്യമുണ്ടെങ്കിൽ ആയതിലേക്ക് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരിയിലെ എക്സൈസ് റേഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ് നിർമ്മാണം</u>

108 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിലെ എക്സൈസ് റേഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ് നിർമ്മാണം എന്നിവയ്ക്ക് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി ഉണ്ടെങ്കിൽ നിർമ്മാണ നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) പുതിയ കെട്ടിടത്തിന് നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>തീരദേശ കപ്പൽ ഗതാഗത പദ്ധതി</u>

109 ശ്രീ. റ്റി. എൻ. പ്രതാപൻ
'' ഷാഫി പറമ്പിൽ
'' എം. പി. വിൻസെന്റ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>തീരദേശ കപ്പൽ ഗതാഗതം</u>

110 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗതത്തിന്റെ ഭാഗമായി യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ യാത്ര ചെയ്യാൻ എത്ര സമയം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിന് എത്ര രൂപയുടെ ടിക്കറ്റ് നിരക്കാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പെരുമ്പളം ദ്വീപിലേയ്ക്ക് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജങ്കാർ</u>

111 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പളം ദ്വീപിലേയ്ക്ക് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജങ്കാർ അനുവദിച്ചത് (ജി.ഒ. ആർ.ടി നമ്പർ. 262/2013) അഡ്വാൻസ് പെയ്മെന്റ് നൽകാത്തതിനാൽ ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നിർമ്മാണം തുടങ്ങാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി അഡ്വാൻസ് പേയ്മെന്റ് അനുവദിച്ച് പദ്ധതി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി</u>

112 ശ്രീ. കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം</u>

113 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ തുറമുഖത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

114 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫിഷിംഗ് ഹാർബർ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) ഹാർബർ നിർമ്മിക്കുന്നതിനായി നിലവിലുള്ള മത്സ്യഷെഡുകൾ വിട്ടു നൽകിയ സ്ഥലമുടമകൾക്ക് പുതുതായി നിർമ്മിക്കുന്ന ലേലപുരയിൽ മുൻഗണന നൽകുന്ന കാര്യം ആലോചിക്കുമോ ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ

115 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് അടിസ്ഥാന പഠനങ്ങൾ നടത്തുന്നതിലേയ്ക്ക് എത്ര രൂപയാണ് അനുവദിച്ചതെന്നും എന്നൊക്കെയാണ് തുകകൾ അനുവദിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നാളിതുവരെ നടത്തിയിട്ടുള്ള പഠനങ്ങളും ആയതിന്റെ വിശദാംശങ്ങളും അറിയിക്കുമോ; എന്നത്തേക്ക് പ്രസ്തുത പഠനങ്ങൾ പൂർത്തീകരിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത സ്ഥലത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

116 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കമലേശ്വരം വാർഡിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിച്ച് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഫിഷറീസ് റോഡുകൾ

117 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കോഴിക്കോട് ജില്ലയിൽ ഏതൊക്കെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) തുക അനുവദിച്ച റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

2014-2015 വർഷത്തെ പദ്ധതികൾ

118 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2014-2015 വർഷത്തെ ബജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഭരണാനുമതി നൽകിയിട്ടുളള പദ്ധതികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>മൺസൂൺകാല ട്രോളിംഗ് നിരോധനം</u>

119 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, എ. എം. ആരിഫ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനം നടപ്പാക്കാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കുമോ; ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) നിരോധനകാലയളവിൽ വൻകിട ബോട്ടുകൾ മത്സ്യബന്ധനം നടത്തില്ലെന്ന് ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനം</u>

120 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ട്രോളിംഗ് നിരോധനം എന്നുമുതൽ എന്നുവരെയാണ് നടപ്പാക്കുന്നത്;

(ബി) ട്രോളിംഗ് നിരോധനത്തെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

(സി) ട്രോളിംഗ് നിരോധന കാലയളവ് ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്, വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യസമ്പത്ത്</u>

121 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

122 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എത്ര തൊഴിലാളികളുടെ എത്ര രൂപയുടെ കടബാധ്യത 31.3.2011 വരെ ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എത്ര തൊഴിലാളികളുടെ എത്ര രൂപയുടെ കടബാധ്യത 01.04.2011 മുതൽ 31.03.2013 വരെ ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി</u>

123 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ട്;ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>താനൂര്‍ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതി</u>

124 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) താനൂര്‍ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതിയില്‍ എത്ര വീടുകള്‍ നിര്‍മ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) പദ്ധതിയില്‍ എത്ര ഗുണഭോക്താക്കളുണ്ടായിരുന്നു; അതില്‍ തെരഞ്ഞെടുത്ത എത്ര വീടുകളുടെ നിര്‍മ്മാണം പൂര്‍ത്തീകരിച്ചു ; എത്രയെണ്ണം പൂര്‍ത്തീകരിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) വീടുകള്‍ ലഭ്യമാവാത്ത ഗുണഭോക്താക്കള്‍ക്ക് ഇനിയും വീടുകള്‍ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മത്സ്യ മാർക്കറ്റുകളുടെ നവീകരണം</u>

125 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യ മാർക്കറ്റുകളാണ് 2013-2014 സാമ്പത്തിക വർഷം നവീകരിച്ചിട്ടുള്ളത് ; ഓരോ മാർക്കറ്റിനും അനുവദിച്ച തുക എത്രയെന്നും ഇത് എവിടെയൊക്കെയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ ഏതൊക്കെ മാർക്കറ്റുകളെയാണ് നവീകരണത്തിന് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഉൾപ്പെടുത്താത്തതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജ്

126 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഫിർമ മുഖേന പോളവാരുന്നതിന് നാളിതുവരെ ജെ.സി.ബി. എർത്ത് മൂവേഴ്സ് കമ്പനിക്ക് എത്ര രൂപാ നൽകിയിട്ടുണ്ടെന്നും എത്ര രൂപ നൽകാനുണ്ടെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) നാളിതുവരെ പ്രസ്തുത കമ്പനി മുഖാന്തരം ഏതെല്ലാം ജലാശയങ്ങളിലെ പോള നീക്കം ചെയ്തുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുമായുള്ള കരാറിന്റെ കാലാവധി ജൂൺ 21 വരെ ആയതിനാൽ കരാർ കാലാവധി പൂർത്തിയാകുന്ന മുറക്ക് റീടെൻഡർ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ?

**കേരള നിയമസഭ**

**09.06.2014-ലെ മറുപടിക്ക്**

<u>തീരദേശ സർവ്വെ</u>

127 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ സർവ്വെ നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർവ്വെ നടത്തുന്ന ഏജൻസി ആരാണ്; എന്തൊക്കെ കാര്യങ്ങളാണ് സർവ്വെ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>ഭവനനിർമ്മാണം വിലക്കികൊണ്ടുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ സർക്കുലർ</u>

128 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് ഭവനനിർമ്മാണം വിലക്കികൊണ്ടുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ സർക്കുലർമൂലം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഏറെ ദുരിതത്തിലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർക്കുലർ സംസ്ഥാന സർക്കാറിന് മരവിപ്പിക്കാൻ അധികാരമുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് മൽസ്യത്തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുമ്പ്രം - കെട്ടുങ്ങൽ പാലം നിർമ്മാണം

129

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുമ്പ്രം - കെട്ടുങ്ങൽ പാലം നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ;

(സി) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഓലക്കാൽക്കടവ് പാലം</u>

130 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി പഞ്ചായത്തിലെ ഓലക്കാലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കാൽക്കടവിനെ മത്സ്യബന്ധന തുറമുഖ വകുപ്പ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പാലം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ ഐ. സി. എ. ഡി. പി.കള്‍

131 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയില്‍ കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ ഭരണാനുമതി ലഭിച്ചിട്ടുള്ള റോഡുകള്‍ ഏതെല്ലാമാണെന്നും ഓരോ റോഡിനും ഭരണാനുമതി ലഭിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഐ. സി.എ. ഡി.പി. പദ്ധതിയില്‍ കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ നടപ്പാക്കിയ പദ്ധതികള്‍ ഏതെല്ലാം; പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

തീരദേശ റോഡുകളുടെ നവീകരണം

132 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നവീകരണത്തിന് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര തുകയുടെ പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശ റോഡ് പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധന തുറമുഖ വകുപ്പിലെ 9464/സി.2/2013/എഫ്.&പി നമ്പർ ഫയലിൽ തെങ്ങിലക്കടവ് ആയംകുളം റോഡിന് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ</u>

133 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ ഫിഷറീസ് റോഡുകളിൽ നിർമ്മാണം ആരംഭിക്കാത്തതും പണി ആരംഭിച്ച് പൂർത്തീകരിക്കാത്തതുമായ എത്ര റോഡുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പനത്തുറ സുബ്രഹ്മണ്യക്ഷേത്രം - പൂന്തുറ പൊഴിറോഡ്</u>

134 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ വെള്ളാർ വാർഡിലെ പനത്തുറ സുബ്രഹ്മണ്യക്ഷേത്രം-പൂന്തുറ പൊഴിറോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയത് എന്നാണെന്നും, പ്രസ്തുത റോഡ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിക്കുവാനാരംഭിച്ചത് എന്നാണെന്നും, ആയതിന് എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്കു പൂർത്തിയാകും എന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ തീരദേശ വികസന പദ്ധതികൾ</u>

135

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തീരദേശ മേഖലയിൽ ഫിഷറീസ് വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് / നഗരസഭാ പദ്ധതി, തുക എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2014-15 വർഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>ആദിച്ചനെല്ലൂർ ചിറയിൽ ഫിഷിംഗ് ഹാർച്ചറി</u>

136 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ആദിച്ചനെല്ലൂർ ചിറയിൽ ഫിഷിംഗ് ഹാർച്ചറി സ്ഥാപിക്കുന്നതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ബി) പ്രസ്തുത പ്രവർത്തനം തടസ്സപ്പെടുവാൻ ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്നും തടസ്സങ്ങൾ ഉണ്ടായത് എന്നാണെന്നും പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കൈനകരി ഗ്രാമപഞ്ചായത്തിലെ പദ്ധതികൾ

137 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിലെ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൈനകരി ഗ്രാമപഞ്ചായത്തിലെ 30.4 ലക്ഷം രൂപയുടെ തേവർക്കാട് - വെള്ളാമത്ര റോഡ് റീടെൻഡർ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കൈനകരി ഗ്രാമപഞ്ചായത്തിലെ 40 ലക്ഷം രൂപയുടെ പത്തിൽപാലം - മുട്ടേൽപാലം റോഡ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കൈനകരി പഞ്ചായത്തിലെ 31.6 ലക്ഷം രൂപയുടെ ബേക്കറി പാലത്തിന്റെ വടക്കുവശം റോഡ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള പദ്ധതിയും ഗ്രീന്‍ ട്രൈബ്യൂണല്‍ വിധിയും</u>

138 ശ്രീ. മാത്യു റ്റി. തോമസ്
'' സി.കെ. നാണു
'' ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതി സംബന്ധിച്ച് ഗ്രീന്‍ ട്രൈബ്യൂണല്‍ വിധിയോടുള്ള സര്‍ക്കാര്‍ സമീപനം എന്താണ് ;

(ബി) വിമാനത്താവള പദ്ധതിയുടെ 10 ശതമാനം ഓഹരി എടുക്കുവാനുള്ള തീരുമാനം ഹരിത ട്രൈബ്യൂണല്‍ വിധിയുടെ പശ്ചാത്തലത്തില്‍ പുനഃപരിശോധിക്കുമോ ;

(സി) സര്‍ക്കാര്‍വക തോടും പുറമ്പോക്കും വിമനത്താവള കമ്പനി അനധികൃതമായി കൈയ്യേറി എന്ന ജില്ലാ കളക്ടറുടെ റിപ്പോര്‍ട്ടിന്മേല്‍ ഇതിനോടകം എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) നിയമസഭാ പരിസ്ഥിതി കമ്മിറ്റി വിമാനത്താവള നിര്‍മ്മാണവുമായി ബന്ധപ്പെട്ട് നല്‍കിയിട്ടുള്ള റിപ്പോര്‍ട്ടുകളില്‍ ഏതൊക്കെ ശുപാര്‍ശകള്‍ നടപ്പിലാക്കിയിട്ടുണ്ട് ;

(ഇ) കെ.ജി.എസ്. ഗ്രൂപ്പ് ഏതെല്ലാം നിയമങ്ങള്‍ ലംഘിച്ചിട്ടുള്ളതായി നിയമസഭാ കമ്മിറ്റിയും ജില്ലാ കളക്ടറും ചൂണ്ടിക്കാണിച്ചിട്ടുണ്ട് ;

(എഫ്) നിയമലംഘനം നടത്തിയവര്‍ക്കെതിരെ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള ടെർമിനൽ നിർമ്മാണം

139

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയിലെ നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ വിമാനത്താവള നിർമ്മാണ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായുള്ള വർക്ക്ഷെഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത് എപ്രകാരമാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതു പ്രകാരം ടെർമിനൽ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ;

(സി) ടെർമിനൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ;

(ഡി) ടെർമിനൽ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ</u>

140 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി എത്ര ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചത്;

(ബി) എത്ര ഭൂമി ഏറ്റെടുത്ത് കെ.ഐ.എ.എൽ. നു കൈമാറിക്കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി കിൻഫ്ര ഏറ്റെടുത്ത ഭൂമി ഇനിയും കെ.ഐ.എ.എൽ.-നു കൈമാറാൻ ഉണ്ടോ;

(ഇ) എങ്കിൽ കിൻഫ്ര ഏറ്റെടുത്തതും കെ.ഐ.എ.എൽ-നു കൈമാറ്റം ചെയ്യപ്പെടാത്തതുമായ എത്ര ഭൂമിയാണുള്ളത്;

(എഫ്) പ്രസ്തുത ഭൂമി എപ്പോൾ കെ.ഐ.എ.എൽ-നു കൈമാറി നൽകുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയിലെ വൃക്ഷങ്ങൾ</u>

141 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയിലെ വൃക്ഷങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയത് ഏത് ഏജൻസിയാണ് ;

(ബി) വനം വകുപ്പിന്റെ മേൽനേട്ടത്തിൽ വൃക്ഷങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുകയുണ്ടായോ ;

(സി) എങ്കിൽ വനം വകുപ്പിന്റെ കണക്കെടുപ്പു പ്രകാരം ഏതെല്ലാം ഇനം വൃക്ഷങ്ങൾ ഉണ്ടായിരുന്നുവെന്നും ഓരോ ഇനത്തിലും എത്ര വൃക്ഷങ്ങൾ ഉണ്ടായിരുന്നെന്നും വ്യക്തമാക്കുമോ ;

(ഡി) വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുവാൻ ചുമതലപ്പെട്ട കിൻഫ്രാ, ഭൂമി ഏറ്റെടുത്തതിനുശേഷം കെ.ഐ.എ.എൽ.-നു കൈമാറുന്നതിനു മുൻപായി വൃക്ഷങ്ങൾ ലേലം ചെയ്തു വിൽക്കുകയുണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏതെല്ലാം ഇനം വൃക്ഷങ്ങൾ ലേലം ചെയ്തുവെന്നും എത്ര തുക സ്വരൂപിച്ചുവെന്നും വ്യക്തമാക്കുമോ?